ജി2-34293/2013

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
പബ്ലിക് ഓഫീസ് പി.ഒ, 695033
തിരുവനന്തപുരം
directorofpanchayat@gmail.com
0471-2323286 തീയതി : 15-10-2020

പഞ്ചായത്ത് ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

സർ,

വിഷയം – ദേശീയ പഞ്ചായത്തീരാജ് പുരസ്കാരങ്ങൾ- 2019-20 വർഷത്തെ അടിസ്ഥാനമാക്കിയുള്ള നോമിനേഷനുകൾ ക്ഷണിച്ചു കൊണ്ടുള്ള അറിയിപ്പ്

സൂചന - കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ 29-09-2020 ലെ N-11019/32/2020/GOV നമ്പർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2019-20 വർഷത്തെ ദേശീയ പഞ്ചായത്തീരാജ് പുരസ്കാരങ്ങൾക്ക് വേണ്ടിയുള്ള നോമിനേഷനുകൾ ക്ഷണിച്ചുകൊണ്ട് സൂചന പ്രകാരം കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം അറിയിപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കു വേണ്ടി ചുവടെ പറയുന്ന അവാർഡുകൾക്കുള്ള നോമിനേഷനുകളാണ് സമർപ്പിക്കേണ്ടത്.

| | | |
|---|---|---|
| DDUPSP | - | ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് നോമിനേഷനുകൾ സമർപ്പിക്കാവുന്നതാണ്. (ഒരു ജില്ലാ പഞ്ചായത്തിനും, രണ്ട് ബ്ലോക്ക് പഞ്ചായത്തുകൾക്കും മൂന്ന് ഗ്രാമപഞ്ചായത്തുകൾക്കും പ്രസ്തുത അവാർഡ് ലഭിക്കുന്നതാണ്.) |
| NDRGGSP | - | ഗ്രാമപഞ്ചായത്തുകൾ മാത്രം നോമിനേഷനുകൾ സമർപ്പിക്കേണ്ടതാണ് |
| GPDP | - | ഗ്രാമപഞ്ചായത്തുകൾ മാത്രം നോമിനേഷനുകൾ സമർപ്പിക്കേണ്ടതാണ് |
| Child friendly | - | ഗ്രാമപഞ്ചായത്തുകൾ മാത്രം നോമിനേഷനുകൾ സമർപ്പിക്കേണ്ടതാണ് |

മേൽ വ്യക്തമാക്കിയിരിക്കുന്ന കാറ്റഗറികളില് മികച്ച പ്രവർത്തനം നടത്തിയ ത്രിതല പഞ്ചായത്തുകളെ കേന്ദ്ര പഞ്ചായത്തീ രാജ് മന്ത്രാലയം മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുത്തത്. കൂടുതൽ വിവരങ്ങൾ http://panchayataward.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകൾ 15-11-2020-ന് മുൻപായി http://panchayataward.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈനായി നൽകേണ്ടതാണ്. ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള യൂസർ ഐഡി, പാസ്സ് വേഡ് ലഭിക്കുന്നതിന് അതാത് ജില്ലകളിലെ RGSA MIS Specialist കളെ ബന്ധപ്പെടേണ്ടതും നിശ്ചിത തീയതിക്ക് മുമ്പായി താൽപര്യമുള്ള എല്ലാ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളും അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

പഞ്ചായത്ത് ഡയറക്ടർക്കു വേണ്ടി

പകർപ്പ് -
1) ഗ്രാമവികസന കമ്മീഷണർ
2) അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ), ഗ്രാമവികസന വകുപ്പ് (ജില്ലാ ഓഫീസുകൾ)